പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3557 20.06.2018 ൽ മറുപടിക്ക്

## മലപ്പുറം മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജക മണ്ഡലത്തിലെ പി.എച്ച്.സി. കളിലും ബ്ലോക്ക് പി.എച്ച്.സി. യിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ), (ബി) & (സി) | നിലവിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ മൊറയൂർ പി.എച്ച്.സി.യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(ആർ.റ്റി) നം.845/2017/ആ.ക.വ. പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇവിടുത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ പദവി ഉയർത്തുക എന്നതല്ല നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടേയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ബി) | എങ്കിൽ എവിടെയെല്ലാം എത്ര വീതം തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ; | | |
| (സി) | മൊറയൂർ പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായും പൂക്കോട്ടൂർ പി.എച്ച്.സി. യെ സാമൂഹ്യകാരോഗ്യ കേന്ദ്രമാക്കിയും ഉയർത്തുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ